# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .150 — 06.01.2014-ൽ മറുപടിക്ക്

## 'പുതിയാപ്പ' ഫിഷിങ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.കെ.ശശീന്ദ്രൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിലെ 'പുതിയാപ്പ' ഫിഷിങ് ഹാർബറിൽ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; ഇതിൽ ഭരണാനുമതിലഭിച്ച പ്രവൃത്തി തുകയും എത്ര എന്ന് വെളിപ്പെടുത്താമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷറി ഹാർബറിൽ താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുളളത്.<br>1. പുതിയാപ്പ ഫിഷിംഗ് ഹാർബർ ബേസിനും അപ്രോച്ച് ചാനലും ഡ്രെഡ്ജ് ചെയ്യുന്ന പ്രവൃത്തി.<br>2. പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br>1. 67 മീറ്റർ നീളമുളള വാർഫും നിലവിലുളള വാർഫിന്റെ അറ്റകുറ്റപ്പണികളും.<br>2. 100 മീറ്റർ വീതം നീളമുളള രണ്ട് ബെർത്തിംഗ് ജെട്ടികൾ.<br>3. ഒരു ലേലപ്പുര.<br>4. കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ<br>5. പാർക്കിംഗ് ഏരിയ.<br>6. ടോയ്‌ലറ്റ് ബ്ലോക്ക്<br>7. ചുറ്റുമതിൽ നിർമ്മാണം<br>8. വിഞ്ച് ഹൗസ്<br>9. സ്ലിപ്പ്‌വേ<br>10.നെറ്റ്മെൻഡിംഗ്ഷെഡും ലോക്കർ മുറികളും<br>11. കടകൾ, വിശ്രമകേന്ദ്രങ്ങൾ, ഓഫീസുകൾ<br>12. ആന്തരിക റോഡ് നിർമ്മാണം<br>13. ലാന്റ് ഡെവലപ്പ്മെന്റ്<br>14. ഓട നിർമ്മാണം |

| | | | |
|---|---|---|---|
| | | | 15. സംരക്ഷണ ഭിത്തി നിർമ്മാണം.<br>16. ഹാർബറിലേയ്ക്ക് മണ്ണ് പ്രവേശിക്കുന്നത് നിയന്ത്രിക്കുന്നതിനായി നിലവിലുള്ള തെക്കേ പുലിമുട്ടിന് ഏകദേശം 500 മീറ്റർ തെക്കുമാറി ഒരു ഗ്രോയിൻ നിർമ്മാണം.<br>17. ഇലക്ട്രിക്കൽ പ്രവൃത്തികളും ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്തലും.<br>ഇവയിൽ പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന്റെ ബേസിനും അപ്രോച്ച് ചാനലും ഡ്രെഡ്ജ് ചെയ്യുന്ന പ്രവൃത്തിയ്ക്കായി 1216 ലക്ഷം രൂപയുടെ ഭരണാനുമതി 50% കേന്ദ്ര സഹായത്തോടു കൂടി നൽകിയിട്ടുണ്ട്. ഇതുകൂടാതെ 280 ലക്ഷം രൂപയ്ക്ക് എൻ.എഫ്.ഡി. ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം ആരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 50% കേന്ദ്ര സഹായത്തോടു കൂടി പുതിയാപ്പ ഫിഷിംഗ് ഹാർബർ ബേസിനും അപ്രോച്ച് ചാനലും ഡ്രെഡ്ജ് ചെയ്യുന്നതിന് 1216 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തി ആരംഭിക്കാനുണ്ട്. ടി പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ഫിഷിംഗ് ഹാർബറിന്റെ വികസനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതിക്കായി ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | പുതിയാപ്പ ഫിഷിംഗ് ഹാർബർ ബേസിനും അപ്രോച്ച് ചാനലും ഡ്രെഡ്ജ് ചെയ്യുന്നതിനായി 1330 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അതനുസരിച്ച് കേന്ദ്ര സർക്കാരിൽ നിന്നും 1216 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് 50% കേന്ദ്രാവിഷ്കൃത പദ്ധതിയായി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>തുടർന്ന് ടി പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ? | | |
| | | | പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് 800 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും തുടർന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട വിശദാംശങ്ങൾ സംസ്ഥാന സർക്കാരിന്റെ 04/12/2012-ലെ 8941/ബി2/11/F&PD കത്ത് പ്രകാരം |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. എന്നാൽ ടി പദ്ധതിയ്ക്ക് കേന്ദ്രത്തിൽ നിന്നും ഭരണാനുമതി ലഭ്യമാകാതിരുന്നതിനാൽ നിലവിലെ ഫിഷിംഗ് ഹാർബറിന്റെ സാഹചര്യം കണക്കിലെടുത്ത് രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുത്തേണ്ട മറ്റ് അവശ്യഘടകങ്ങൾ കൂടി ഉൾപ്പെടുത്തി 2012 പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് 40 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ടി പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1. 67 മീറ്റർ നീളമുള്ള വാർഫും നിലവിലുള്ള വാർഫിന്റെ അറ്റകുറ്റപ്പണികളും.<br>2. 100 മീറ്റർ വീതം നീളമുള്ള രണ്ട് ബെർത്തിംഗ് ജെട്ടികൾ.<br>3. ഒരു ലേലപ്പുര.<br>4. കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ.<br>5. പാർക്കിംഗ് ഏരിയ.<br>6. ടോയ്ലറ്റ് ബ്ലോക്ക്.<br>7. ചുറ്റുമതിൽ നിർമ്മാണം.<br>8. വിഞ്ച് ഹൗസ്.<br>9. സ്ലിപ്പ്വേ.<br>10. നെറ്റ്മെൻഡിംഗ് ഷെഡും ലോക്കർ മുറികളും.<br>11. കടകൾ, വിശ്രമകേന്ദ്രങ്ങൾ, ഓഫീസുകൾ.<br>12. ആന്തരിക റോഡ് നിർമ്മാണം.<br>13. ലാന്റ് ഡെവലപ്പ്മെന്റ് .<br>14. ഓട നിർമ്മാണം.<br>15. സംരക്ഷണ ഭിത്തി നിർമ്മാണം.<br>16. ഹാർബറിലേയ്ക്ക് മണ്ണ് പ്രവേശിക്കുന്നത് നിയന്ത്രിക്കുന്നതിനായി നിലവിലുള്ള തെക്കേ പുലിമുട്ടിന് ഏകദേശം 500 മീറ്റർ തെക്കുമാറി ഒരു ഗ്രോയിൻ നിർമ്മാണം.<br>17. ഇലക്ട്രിക്കൽ പ്രവൃത്തികളും ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്തലും. |

സെക്ഷൻ ഓഫീസർ